**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1467** **12-02-2025 - ൽ മറുപടിയ്ക്ക്**

**കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് മുഖേന ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; പ്രസ്തുത പദ്ധതികളിലൂടെ എത്ര പേർക്കാണ് തൊഴിൽ പരിശീലനം നൽകി വരുന്നത്; വിശദമാക്കുമോ; | (എ) | സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ നേതൃത്വത്തിൽ സംസ്ഥാനത്താകമാനം നടപ്പിലാക്കിവരുന്ന ജില്ലാ നൈപുണ്യ വികസന കേന്ദ്രം ആലപ്പുഴയിൽ പ്രവർത്തനം ആരംഭിച്ചു. തുടർന്നു കമ്പ്യൂട്ടർ സയൻസ് ബിരുദ, ബിരുദാനന്തര വിദ്യാർത്ഥികളെ ലക്ഷ്യമാക്കി, IT മേഖലയിൽ വളരെയേറെ തൊഴിൽ സാധ്യത ഉള്ള FULL STACK DEVELOPER എന്ന കോഴ്സിൽ പരിശീലനം നൽകി. ആദ്യ ബാച്ചിൽ പ്രവേശനം ലഭിച്ച 30-ൽ പരം വിദ്യാത്ഥികളുടെ placement പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. സങ്കൽപ് (SANKALP) പദ്ധതിയുടെ കീഴിൽ ആലപ്പുഴ ജില്ലയിലെ ജില്ലാ നൈപുണ്യ സമിതിയുടെ നേതൃത്വത്തിൽ വിവിധ ട്രെയിനിങ് സർവീസ് പ്രൊവൈഡർമാരുടെ ഒരു summit സംഘടിപ്പിക്കുകയും തുടർന്ന് വിവിധ പ്രൊജക്റ്റ് പ്രൊപ്പോസലുകൾ ലഭിക്കുകയുമുണ്ടായി. ഇതേ തുടർന്ന് നിലവിൽ ചുവടെപ്പറയുന്ന 2 പദ്ധതികൾ ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിവരുന്നു:<br><br>1. കയർ വികസന കോർപറേഷന്റെ കീഴിൽ 50 പേർക്ക് പരിശീലനം നൽകിവരുന്നു.<br><br>2. ടെലികോം സെക്ടർ കൗൺസിലിന്റെ കീഴിൽ 30 പേർക്ക് പരിശീലനം നൽകിവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം നടത്തിവരുന്ന അക്രഡിറ്റഡ് കോഴ്സുകളുടെ വിവരം ലഭ്യമാക്കാമോ? | (ബി) | സങ്കൽപ് പദ്ധതിയുടെ കീഴിൽ ടെലികോം സെക്ടർ സ്കിൽ കൗൺസിലുമായി ചേർന്ന് INSTORE – |

| | | | |
|---|---|---|---|
| | | | പ്രൊമോട്ടർ എന്ന അക്രഡിറ്റഡ് കോഴ്സ് നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ